**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4425** **01-07-2024 - ൽ മറുപടിയ്ക്ക്**

**പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ കെ.എസ്.ഐ.ഡി.സി-യുടെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി ആരംഭിച്ച പ്രാഥമിക മൽസ്യ സംസ്ക്കരണ പ്ലാന്റിന്റെ കരാർ കോൺട്രാക്ടർ പിൻമാറിയതിനെ തുടർന്ന് റദ്ദുചെയ്യുകയും, തുടർന്ന് നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.6 കോടി (GST ഉൾപ്പെടെ) രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സാങ്കേതിക അനുമതിക്കായി 09.07.2024-ൽ നിശ്ചയിച്ചിരിക്കുന്ന കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റ് എന്നത്തേയ്ക്ക് പ്രവൃത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിക്കുള്ള സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം പ്രാഥമിക മൽസ്യ സംസ്ക്കരണ പ്ലാന്റ് ഡിസംബർ 2024-നോട് കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും മാർച്ച് 2025-ഓട് കൂടി പ്രവർത്തനം ആരംഭിക്കുവാൻ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ ലാപ്സാകാനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക ലാപ്സായിട്ടില്ല. |
| (ഡി) | ലാപ്സായില്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിക്കായി മുനമ്പം ഫിഷറീസ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ലാപ്സായി പോകാതിരിക്കാൻ ഈ തുക ഉപയോഗിച്ച് വൈപ്പിൻ, തോപ്പുംപടി എന്നിവിടങ്ങളിലെ പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ച് നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആയത് ഡയറക്ടർ, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MOFPI) പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ